**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1047** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷന്റെ കീഴിൽ പൂർത്തിയാക്കിയ പദ്ധതികളുടെ കരാറുകാർക്ക് പണം നൽകാത്തത് കാരണം പുതിയ പദ്ധതികളുടെ ടെൻഡറുകൾ എടുക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി യിൽ 03.10.2024 വരെ പദ്ധതിക്കായി 10363.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5131.90 കോടി രൂപ കേന്ദ്ര വിഹിതവും 5231.64 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. നടപ്പ സാമ്പത്തിക വർഷം 03.10.2024 വരെ കരാറുകാർക്ക് 1201.10 കോടി രൂപ നല്കിയിട്ടുണ്ട്. നിലവിൽ കരാറുകാർക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയായ പ്രവർത്തികൾക്കായി 3306.93 കോടി രൂപ നല്കവാനുണ്ട്. ഇത് പുതിയ ടെണ്ടറുകളിൽ കരാറുകാരുടെ പങ്കാളിത്തത്തെ ബാധിക്കുന്ന ഒരു കാരണമാകുന്നു |
| (ബി) | ജല അതോറിറ്റി ആകെ എത്ര രൂപയാണ് പൂർത്തിയായ പദ്ധതികളിലെ കരാറുകാർക്ക് നാളിതുവരെ കുടിശ്ശികയായി നൽകാനുള്ളതെന്ന് അറിയിക്കാമോ; | (ബി) | 03.10.2024 ലെ കണക്കനുസരിച്ച് കരാറുകാർക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയായ പ്രവർത്തികൾക്കായി 3306.93 കോടി രൂപ നല്കവാനുണ്ട്. |
| (സി) | കഴിഞ്ഞവർഷത്തിലെ ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം തദ്ദേശസ്ഥാപനങ്ങളുടെ നിക്ഷേപ തുകയിൽ നിന്നാണോ അടച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തിലെ ജൽ ജീവൻ മിഷന്റെ സംസ്ഥാനത്തിന്റെ തത്തുല്യ വിഹിതം കേരള സർക്കാരാണ് നൽകിയിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്ത് ആകെ എത്ര കോടി രൂപയുടെ പദ്ധതിയാണ് ജൽ ജീവൻ മിഷൻ മുഖേന നടപ്പാക്കുന്നത്; ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന് അറിയിക്കുമോ; | (ഡി) | സംസ്ഥാനത്ത് 2020-ൽ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവർത്തികൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. |
| (ഇ) | 2024-25 സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിക്കായി എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്; പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിനായി | (ഇ) | 2024-25 സംസ്ഥാന ബഡ്ജറ്റിൽ ജലജീവൻ മിഷൻ പദ്ധതിക്കായി 550 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്രഫണ്ട് അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | മുറയ്ക്ക് സംസ്ഥാന ഷെയർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ